# Deepika

## 28 August 2018

## Pathanamthitta: pamba , dirt ,after flood

# ചെളിയടിഞ്ഞ് അപകടക്കെണിയായി പമ്പയും ഡാമുകളും

**പത്തനംതിട്ട:** പ്രളയദുരന്തത്തിൽ പമ്പാനദിയുടെയും സംഭരണികളുടെയും ശേഷിയിൽ കുറവ്. കരയ്ക്കടിഞ്ഞതിനു സമാനമായ തോതിൽ ചെളി നദിയിലും അടിഞ്ഞിരിക്കുകയാണ്. പമ്പ, കക്കി സംഭരണികൾ തുറന്നുവിട്ടതോടെയുണ്ടായ കുത്തൊഴുക്കും ഉരുൾപൊട്ടലിനെത്തുടർന്നുള്ള മലവെള്ളപ്പാച്ചിലുമാണ് പമ്പാനദിയിലും കൈവഴികളിലും സംഭരണികളിലും വൻതോതിൽ ചെളിയും മണലും അടിയാൻ ഇടയാക്കിയത്.

പമ്പയുടെ ഇരുകരകളും ചെളി നിറഞ്ഞു കിടക്കുന്നു. തീരങ്ങളിൽ കാൽ കുത്തുമ്പോൾ തന്നെ പുതയുകയാണ്. ഇത് അപകടങ്ങൾക്കിടയാക്കുമെന്ന ആശങ്കയും ഉയർന്നിട്ടുണ്ട്. നദിയിലും ചെളി അടിഞ്ഞതോടെ ഇറങ്ങുന്നവർ താഴ്ന്നു പോകാനുള്ള സാധ്യതയുണ്ട്.



**ചതുപ്പായി....** പമ്പാനദിയിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളി.

### മണൽനിറഞ്ഞ്

ശബരിഗിരി പദ്ധതിയുടെ താഴേക്കുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിലനില്പ് തന്നെ അപകടത്തിൽപെടുത്തുന്നതായി പ്രളയം. ചെറിയ സംഭരണികൾ മുഴുവൻ മണൽകൊണ്ടു നിറഞ്ഞു. ഇതുകാരണം പലേടത്തും വൈദ്യുതി ഉത്പാദനം നിർത്തിവച്ചിരിക്കുകയാണ്. പമ്പയുടെ ജലസംഭരണിയിലും കാര്യമായി ശേഷി കുറഞ്ഞു. നദിയുടെ വീതി പലേടത്തും വർധിച്ചിട്ടുണ്ട്. നദി കൂടുതൽ വിസ്തൃതമായതോടെ ആഴവും വർധിച്ചതായി സംശയമുണ്ട്. പമ്പ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നദി ഗതി മാറിയാണ് ഒഴുകുന്നത്. ഇത്തരത്തിൽ ജലമൊഴുക്കിലും സംഭരണശേഷിയിലും ഉണ്ടായിരിക്കുന്ന വ്യതിയാനം അപകടങ്ങളും ക്ഷണിച്ചു വരുത്തിയേക്കാം.

### കവിഞ്ഞൊഴുകി ഡാം

പെരുന്തേനരുവി സംഭരണിയിൽ മണലും ചെളിയും അടിഞ്ഞതോടെ സംഭരണശേഷി കുറഞ്ഞു. ഡാം കവിഞ്ഞ് വെള്ളം പുറത്തേക്കൊഴുകുകയാണ്. ഡാമിന്റെ വശങ്ങളിലടക്കം മണ്ണും ചെളിയും അടിഞ്ഞു കിടക്കുന്നു. വൈദ്യുതി ഉത്പാദനവും മുടങ്ങി.

അള്ളുങ്കൽ സംഭരണിയും മണലും ചെളിയും നിറഞ്ഞുകിടക്കുകയാണ്. അള്ളുങ്കൽ പവർ ഹൗസും മുങ്ങിയിരുന്നു. മണിയാർ സംഭരണിയും മണൽകൊണ്ട് നിറഞ്ഞു. ഇതോടെ സംഭരണശേഷിയിൽ വൻ കുറവുണ്ടായിട്ടുണ്ട്. പെരുനാട് ജലവൈദ്യുതി പദ്ധതിയുടെ സംഭരണിയിലും മണലും ചെളിയും അടിഞ്ഞിട്ടുണ്ട്. കക്കാട്ടാറിന്റെ തീരവും ഇവിടെ വ്യാപകമായി ഇടിഞ്ഞു.

പമ്പാനദിയുടെ ഗതിതന്നെ നിലവിൽ അപകടാവസ്ഥയിലാണ്. തീരങ്ങളിലുള്ളവർ പോലും നദിയിലേക്കു കാലെടുത്തുവയ്ക്കാൻ മടിക്കുന്നു. തീരത്തെ കുളിക്കടവുകളും എല്ലാം ഇല്ലാതായി.

പകരം ഇവിടെ വന്നടിഞ്ഞിരിക്കുന്നത് ചെളിയാണ്. ചെളിയിൽ ചവിട്ടിയാൽ ചതുപ്പുപോലെ താഴ്ന്നുപോവുകയാണ്. റാന്നിയിൽ ഇന്നലെ കുട്ടികൾ ഒഴുക്കിൽപെട്ടതോടെ തീരവാസികൾ കൂടുതൽ ജാഗ്രതയിലുമായി.